ശ്രീ. എ.കെ. ആന്റണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതാണ് ശരി. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണം അല്ല വേണ്ടത്. സത്യം പറഞ്ഞാൽ ഗ്രാമങ്ങൾ തോറും മാലിന്യ സംസ്കരണ പ്ലാന്റുകൾ നമുക്കാവശ്യമാണ്. പക്ഷേ ഈ വർഷത്തെ ആദ്യത്തെ മുൻഗണന സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മാലിന്യ സംസ്ക്കരണ പ്ളാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾക്കാണ് ഗവൺമെന്റ് മുൻതൂക്കം കൊടുക്കുന്നത്. അതോടൊപ്പം നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് ഗവൺമെന്റും ശ്രദ്ധ ചെലുത്തും. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും ഈ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുന്നതാണ്.

മി. സ്പീക്കർ: ഇപ്പോൾ 42 മിനിറ്റായി. ഇനിയും ധാരാളം പേർ ചോദിക്കാനായി ഉണ്ട്. അതിനായി ഇനിയും സമയം കണ്ടെത്താനൊക്കില്ല. I am sorry.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഗവേഷണം

*2 [302] ശ്രീ. എഴുകോൺ നാരായണൻ :
,, എ. പി. അനിൽ കുമാർ :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഗവേഷണം നടത്താനെന്ന പേരിൽ സംസ്ഥാനത്തുള്ള ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്കോ സംഘടനകൾക്കോ വ്യക്തികൾക്കോ വിദേശ ഫണ്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വിദേശരാജ്യത്തുനിന്നാണ്;

(സി) ആർക്കെല്ലാം ഫണ്ട് കിട്ടി; എത്ര തുക വീതം കിട്ടി;

(ഡി) ഇതിന്റെ വിനിയോഗത്തെപ്പറ്റി അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ,

(എ) ഉണ്ട്. 1995-ൽ ഡച്ച് ഗവൺമെന്റിന്റെ ധനസഹായത്തോടെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ (സി.ഡി.എസ്) ആരംഭിച്ച കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് (കെ.ആർ.പി.എൽ.എൽ.ഡി) എന്ന പ്രോജക്ടിന്റെ ഭാഗമായി ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട സൂക്ഷ്മ ഗവേഷണപഠനങ്ങൾക്ക് സർക്കാർ ഇതര സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വ്യക്തികൾക്കും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖേന ഫണ്ട് ലഭിച്ചിട്ടുണ്ട്.

(ബി) നെതർലാന്റ് ഗവൺമെന്റിൽ നിന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ വികസനമേഖലകളിലെ വിലയിരുത്തൽ പഠനങ്ങൾക്കാണ് കെ.ആർ.പി.എൽ.എൽ.ഡി. ഫണ്ട് നൽകിയിട്ടുള്ളത്. അതിൽ 26 വ്യക്തികൾ/സ്ഥാപനങ്ങൾ ജനകീയാസൂത്രണവിഷയവുമായി ബന്ധപ്പെട്ട സൂക്ഷ്മതല പഠനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ആ പഠനങ്ങൾക്ക് ആകെ നൽകിയിട്ടുള്ളത് 136.99 ലക്ഷം രൂപയാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഗവേഷണ പഠനം ഏറ്റെടുത്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ, ഗവേഷണ വിഷയം, തുക എന്നീ വിവരങ്ങൾ അനുബന്ധമായി നൽകുന്നു. (†)

(ഡി) വ്യവസ്ഥാപിതരീതിയിൽ സി.ഡി.എസ്-ന് ലഭിച്ച തുകയാണ്. അതുപ്രകാരം പഠനം ഏറ്റെടുക്കാൻ താൽപ്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിലയിരുത്തുന്ന സംവിധാനമാണ് അനുവർത്തിച്ചുവരുന്നത്. അതിനാൽ ആ തുകയുടെ വിനിയോഗത്തെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടില്ല.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> സർ, ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണം നടത്താൻ നെതർലൻഡ് ഗവൺമെന്റിൽ നിന്നും 1,37,000 രൂപ സി.ഡി.എസ്. കൈപ്പറ്റിയതായി അങ്ങ് സഭയെ അറിയിച്ചു. വിദേശസഹായം തേടുമ്പോൾ ഗവൺമെന്റിന്റെ Competency Certificate ആവശ്യമാണ്. ഗവൺമെന്റ് Competency Certificate നൽകിയിട്ടുണ്ടോ, നൽകിയിട്ടുണ്ടെങ്കിൽ ജനകീയാസൂത്രണം ഒരു വിദേശ പദ്ധതിയാണെന്ന യാഥാർത്ഥ്യം മറച്ചുവച്ചത് രാഷ്ട്രീയ വഞ്ചനയാണെന്നു പറയാൻ കഴിയുമോ?

<u>ശ്രീ. എ.കെ. ആന്റണി:</u> സർ, ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുള്ള ചെലവുകൾ മുഴുവൻ നിർവ്വഹിച്ചിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിൽ നിന്നു തന്നെയാണ്. ജനകീയാസൂത്രണത്തിന് സഹായകരമായിട്ടുള്ള മറ്റു പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയാണ് സി.ഡി.എസ്. മുഖേന നിരവധി സംഘങ്ങൾക്ക് പണം നൽകിയിട്ടുള്ളത്. അതുപോലെ തന്നെ, "കില"യ്ക്കും സി.ഡി.എസ്. മുഖേന കാര്യമായ പണം ലഭിച്ചിട്ടുണ്ട്. ഇതു രണ്ടും ഗവൺമെന്റിന്റെ അറിവോടുകൂടി പ്ലാനിംഗ് ബോർഡ് തന്നെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സഹായങ്ങളാണ്. Swiss Government-ൽ നിന്നും Dutch Government-ൽ നിന്നും indirect ആയിട്ട് ജനകീയാസൂത്രണത്തെ സഹായിക്കാൻ ഉതകുന്ന പദ്ധതികൾക്കുവേണ്ടി പണം വാങ്ങിയിട്ടുണ്ട്. അതൊരു തെറ്റാണെന്ന് ഈ ഗവൺമെന്റ് കരുതുന്നില്ല. മുൻ ഗവൺമെന്റ് ചെയ്തത് തെറ്റാണെന്ന് പുരപ്പുറത്ത് കയറി പറയണമെന്ന് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> സർ, ജനകീയാസൂത്രണം ഒരു ലോകബാങ്ക് പദ്ധതിയാണെന്ന് indirect ആയി അങ്ങ് സമ്മതിച്ചു. വിദേശസഹായം ലഭ്യമാകുമ്പോൾ അതിനെ സംബന്ധിച്ച് ആക്ഷേപം ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥന്മാരെ

†അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോ അതല്ലെങ്കിൽ വിജിലൻസിനെക്കൊണ്ടോ അന്വേഷണം നടത്തിക്കുന്നതിൽ അപ്രായോഗികത ഉണ്ടെന്നു പറയാം. ആ കാരണത്താൽ സമ്പത്തിന്റെ ദുർവിനിയോഗത്തെക്കുറിച്ച് ഒരു സഭാസമിതിയെക്കൊണ്ട് അന്വേഷണം നടത്തിക്കുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എ.കെ. ആന്റണി: സർ, ജനകീയാസൂത്രണം ഒരു ലോകബാങ്ക് പദ്ധതിയാണെന്ന് ഞാൻ പറഞ്ഞില്ല. ഡയറക്ടായിട്ടുള്ള ഫണ്ടിംഗ് മുഴുവൻ സംസ്ഥാന ഗവൺമെന്റിൽ നിന്നാണ് നൽകിയത്. പക്ഷേ ജനകീയാസൂത്രണത്തിന് സഹായകരമായ നിലയിലുള്ള capacity building-നും കുടിവെള്ളപ്രശ്നം തുടങ്ങിയ മറ്റു കാര്യങ്ങൾക്കും World Bank-ന്റേയും Dutch Government-ന്റേയും Swiss Government-ന്റേയും സഹായം കിട്ടിയിട്ടുണ്ട്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടിയാണ് കിട്ടിയത്. സംസ്ഥാനഗവൺമെന്റിന്റെ അറിവോടുകൂടിയാണ് കിട്ടിയിട്ടുള്ളത്. അതിനെക്കുറിച്ച് പ്രത്യേകമായ അന്വേഷണം നടത്താൻ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ.പി. അനിൽകുമാർ: സർ, ജനകീയാസൂത്രണത്തിന് വിദേശസഹായം ലഭിച്ചതു സംബന്ധിച്ച് വളരെയധികം ചർച്ചകളും വിവാദങ്ങളുമൊക്കെ നിലനിൽക്കുന്ന സന്ദർഭത്തിൽ ആണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ഏതാണ്ട് 26 വ്യക്തികൾ/സ്ഥാപനങ്ങൾക്ക് ഗവേഷണം നടത്തുന്നതിനുവേണ്ടിയുള്ള സഹായം Dutch Government-ന്റെ സഹായത്തോടെ സി.ഡി.എസ്. മുഖാന്തിരം നൽകിയിട്ടുണ്ട് എന്നു പറയുകയുണ്ടായത്. ഇത്തരത്തിൽ വ്യക്തികളായിട്ടും ഏജൻസികളായിട്ടും നടത്തിയിട്ടുള്ള ഗവേഷണങ്ങളും പഠനങ്ങളുമൊക്കെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് പൂർണ്ണമായ ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടായില്ല. അതിനെക്കുറിച്ച് ഒരു ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ ആവശ്യമായ കാര്യത്തിനുവേണ്ടിയാണോ ഈ പണം വിനിയോഗിച്ചതെന്ന് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. എ.കെ. ആന്റണി: സർ, ഞാൻ നേരത്തേ പറഞ്ഞു ഗവൺമെന്റിന്റെ അറിവോടുകൂടിയാണ് ഈ പണമെല്ലാം വാങ്ങി ചെലവഴിച്ചിട്ടുള്ളത് എന്ന്. അതിനെക്കുറിച്ച് ഒരു പ്രത്യേക അന്വേഷണം നടത്തേണ്ട സാഹചര്യം ഉണ്ടെന്ന് ഗവൺമെന്റ് ഇപ്പോഴും കരുതുന്നില്ല.

ശ്രീ. എ.പി. അനിൽകുമാർ: സർ, വിദേശസഹായത്തോടുകൂടി സി.ഡി.എസ്-ന് ലഭിച്ച പണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഒട്ടനവധി ഫണ്ടുകൾ, ഇതുപോലെ വിദേശ സഹായമായി കേരളത്തിലേയ്ക്ക് ഇന്ന് വന്നുകൊണ്ടിരിക്കുന്നതായി പറയുന്നു. ഇത്തരം വിദേശ സഹായങ്ങൾക്ക് ഗവൺമെന്റ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെ വരുന്ന ഫണ്ട് ഏതെല്ലാം രീതിയിൽ ചെലവഴിക്കുന്നു; അത് രാജ്യതാൽപ്പര്യത്തിനുവേണ്ടിയാണോ എന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം കാര്യങ്ങൾ പരിശോധിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി: സർ, വിദേശഫണ്ട് വരുന്നതെല്ലാം ഇൻഡ്യാ ഗവൺമെന്റിന്റെ അറിവോടുകൂടിയാണ്. അതിനെക്കുറിച്ചുള്ള വിവരങ്ങൾ ഇൻഡ്യാ ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഏതെങ്കിലും തരത്തിൽ ദുർവിനിയോഗം ഉണ്ടെങ്കിൽ ഇൻഡ്യാ ഗവൺമെന്റ് അതു പരിശോധിക്കുകയും ചെയ്യും. ഈ ഘട്ടത്തിൽ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. സി.ഡി.എസ്. വളരെ വർഷങ്ങളായി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിൽക്കൂടി കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമായ ഒരുപാട് പ്രോജക്ടുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആ സ്ഥാപനത്തിന്റെ ഭാവി ആരോപണങ്ങളുടെ കരിനിഴൽ വീഴ്ത്തി നശിപ്പിക്കാൻ നമ്മൾ ഇടയാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Politicalise ചെയ്ത് ആ സ്ഥാപനത്തിന്റെ ഭാവി നമ്മൾ അപകടത്തിൽ ആക്കരുത്. മുൻ ഗവൺമെന്റ് honest ആയിട്ട്, ശരിയാണെന്നുള്ള അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിന്റെ capacity building-ഉം മറ്റു കാര്യങ്ങൾക്കും സഹായകരമായ നിലയിൽ Dutch Government-ന്റേയും Swiss Government-ന്റേയും World Bank-ന്റേയും സഹായം വാങ്ങാൻ ശ്രമിച്ചു. പക്ഷേ അതിൽതന്നെ പങ്കാളികളായിട്ടുള്ള ആളുകൾ ഇപ്പോൾ പരസ്പരം അതിനെക്കുറിച്ച് പോർവിളി നടത്തുന്നതിന്റെ ഫലമായി സി.ഡി.എസ്-നെ തകർക്കാൻ ഇടയാക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. വിദേശ സഹായത്തിന്റെ ദുരുപയോഗമുണ്ടായിട്ടുണ്ടെങ്കിൽ അത് കേന്ദ്ര ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങു പറഞ്ഞതനുസരിച്ച് സി.ഡി.എസ്.-നെതിരെ ദുരാരോപണം ഉണ്ടാകുക എന്നുള്ളതല്ല, അന്നത്തെ ഗവൺമെന്റ് ചെയ്ത പ്രവർത്തനത്തിന് അന്നത്തെ പ്രത്യയ ശാസ്ത്രത്തിൽ പാളിച്ചയുണ്ടെന്നതിനെ സംബന്ധിച്ച് അവിടെ വേറെ തർക്കങ്ങൾ നടക്കുന്നുണ്ട്. അത് political question ആണ്, അത് അങ്ങയോട് ഞാൻ ചോദിക്കുന്നുമില്ല. എന്റെ ചോദ്യം ഇവിടെ രണ്ട് ദുരൂഹ സാഹചര്യങ്ങൾ നിലനിൽക്കുകയാണ്. സി.ഡി.എസ്.-നെ നിലനിർത്തിക്കൊണ്ടാണ് KRPLLD എന്നുപറയുന്ന ഒരു സ്കീം പ്രകാരം പണം വാങ്ങിയിട്ടുള്ളത്. വാങ്ങിയ പണം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തകർ, Working Group, Technical Advisory Committee, Technical Committee എന്നിവയിലെ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി വിനിയോഗിച്ചു എന്ന് അങ്ങയുടെ മറുപടിയിൽ തന്നെ പറയുന്നു. ഗവൺമെന്റ് അതിനെക്കുറിച്ച് evaluation നടത്തിയിട്ടുണ്ടോ; ആ പരിശീലനംകൊണ്ട് സംസ്ഥാനത്ത് എന്ത് അധിക പ്രയോജനം ലഭിച്ചിട്ടുണ്ട്; അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

ശ്രീ. എ.കെ. ആന്റണി: സർ, പരിശീലനത്തിൽ ഏറ്റവും കൂടുതൽ പണം ഉപയോഗിച്ചത് 'കില'യാണ്. ഇതെല്ലാം ഗവൺമെന്റിന്റെ അറിവോടുകൂടി, വ്യവസ്ഥാപിതമായി വാങ്ങിയതാണ്. പ്ലാനിംഗ് ബോർഡിന്റേയും ഗവൺമെന്റിന്റേയും റെക്കമെന്റേഷനോടുകൂടിയാണ് ഇതെല്ലാം ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത്

ഗവൺമെന്റ് എടുത്ത തീരുമാനമാണ്, അല്ലാതെ സി.ഡി.എസ്.-നെ പ്രതിക്കൂട്ടിൽ നിർത്തിയിട്ട് കാര്യമില്ല. ഗവൺമെന്റിന്റെ അറിവോടുകൂടി, സമ്മതത്തോടുകൂടി ഗവൺമെന്റിന്റെ പ്രേരണയോടുകൂടി സി.ഡി.എസ്. ഡച്ച് ഗവൺമെന്റിൽ നിന്നും സ്വിസ് ഗവൺമെന്റിൽനിന്നുമെല്ലാം സഹായം വാങ്ങിയാണ് കേരളത്തിലെ capacity building-നും മറ്റു പ്രവർത്തനങ്ങൾക്കും സഹായകരമായി ഫണ്ട് ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മുൻ ഗവൺമെന്റിന്റെ കാലത്തുനടന്ന ആ പ്രവർത്തനം തെറ്റാണെന്നുള്ള നിലയിലേയ്ക്കു പോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. വികസന പ്രവർത്തനങ്ങൾക്ക് പലപ്പോഴും വിദേശ ഏജൻസികളുടെ സഹായം വാങ്ങിയെന്നുവരും. അത് പണ്ടും വാങ്ങിയിരുന്നു, കേരളത്തിലെ നിരവധി സംഘടനകൾ, ശാസ്ത്രസാഹിത്യ പരിഷത്തുൾപ്പെടെയുള്ള പല സംഘടനകളും വാങ്ങിയിട്ടുണ്ട്. അത് വാങ്ങിയത് തെറ്റാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അത് മറ്റുതരത്തിലുള്ള ഒരു രാഷ്ട്രീയ വാദത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്, അതിനെസംബന്ധിച്ച് എനിക്കറിയില്ല. പക്ഷേ അതിന് സി.ഡി.എസ്.-നെ വലിച്ചിഴയ്ക്കുന്നതിനോട് എനിക്ക് യോജിപ്പില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്നു വാങ്ങിയ തുക 24 കമ്പാർട്ടേഴ്സുകൾ പണിയാൻ, ആഡിറ്റോറിയം പണിയാൻ, ചുറ്റുമതിൽ കെട്ടുവാൻ, ഔദ്യോഗിക കാർ വാങ്ങാൻ, കമ്പ്യൂട്ടർ വാങ്ങാൻ, പ്രൊജക്ടറുകൾ വാങ്ങാൻ അങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചു എന്നാണ് ഔദ്യോഗികമായി അറിയുന്നത്. അന്നത്തെ ഗവൺമെന്റ് ചെയ്തതിനെ ഇന്നത്തെ ഗവൺമെന്റ് തള്ളിപ്പറയണമെന്ന് ഞാൻ പറയുന്നില്ല. ഇനിമേലിൽ ഇതുപോലൊരു പാളിച്ച ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമോ?

ശ്രീ. എ.കെ. ആന്റണി: സർ, ഇതുപോലുള്ള സഹായങ്ങൾ വാങ്ങുമ്പോൾ അത് ദുരുപയോഗപ്പെടുത്താതിരിക്കാൻ ഗവൺമെന്റ് തീർച്ചയായും ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കീഴിലുള്ള IRDC-ക്ക് 99 ലക്ഷം രൂപയാണ് ലഭിച്ചിരിക്കുന്നത്, ആ തുക ഉപയോഗിച്ച് ഏതുരീതിയിലുള്ള പഠനങ്ങളാണ് നടത്തിയതെന്നതിനെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. എ.കെ. ആന്റണി: സർ, അതിന് പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം. ശാസ്ത്രസാഹിത്യ പരിഷത്തിനും സഹായം ലഭിച്ചിട്ടുണ്ട്.

ശ്രീ. ലൂഡി ലൂയിസ്: സർ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി അന്ന് പഞ്ചായത്തുകളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ഓരോ വികസനരേഖ ഉണ്ടാക്കുകയുണ്ടായി. ആ വികസന രേഖകൾ വിദേശ രാജ്യങ്ങൾക്ക് നൽകുന്ന രീതിയിൽ എന്തെങ്കിലും ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ടോ; കൈമാറ്റം ചെയ്യുകയോ മറ്റോ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി: സർ, ജനകീയാസൂത്രണത്തിൽ direct funding എല്ലാം സംസ്ഥാന ഗവൺമെന്റാണ് കൊടുത്തത്. പക്ഷേ capacity building-ന് സഹായകരമായ നിലയിലുള്ള സഹായങ്ങൾ വിദേശത്തുനിന്നും ലഭിച്ചിട്ടുണ്ട്. അത് പല രൂപത്തിൽ കിട്ടിയിട്ടുണ്ട്, ഡച്ച് ഗവൺമെന്റിന്റേയും അതുപോലെ സ്വിസ് ഗവൺമെന്റിന്റേയും കിട്ടിയിട്ടുണ്ട്. അവരുടെ പണം വാങ്ങുന്ന അവസരത്തിൽ തീർച്ചയായും അവരുടെ ഏജൻസികളുമായി ചർച്ചകൾ നടത്തേണ്ടി വരും. അത് എല്ലാ കാര്യത്തിലുമുള്ള ഏർപ്പാടുകളാണ്; അത് കേരളത്തിൽ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളും ചെയ്യുന്നതാണ്.

ഡോ. തോമസ് ഐസക്: സർ, Centre for Development Studies-ന്റെ കീഴിൽ KRPLLD എന്നുള്ള ഗവേഷണ സ്കീം ആരംഭിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയായിരുന്നു മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ചാണ് ഈ സ്കീം ഉദ്ഘാടനം ചെയ്തത്. ഈ സ്കീം ജനകീയാസൂത്രണത്തെക്കുറിച്ച് ഗവേഷണം ചെയ്യുന്നതിനുള്ള സ്കീമല്ല, കേരളത്തിലെ പ്രാദേശിക വികസനത്തെക്കുറിച്ചുള്ള ഗവേഷണമാണ്. അതിന്റെ ഭാഗമായി നടന്ന 325-ൽപ്പരം പ്രോജക്ടുകളിൽ 26 എണ്ണം ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ജനകീയാസൂത്രണത്തെക്കുറിച്ചുള്ളതാണ്. ഇതു മാത്രമല്ല, ജനകീയാസൂത്രണത്തെക്കുറിച്ച് എന്റെ അറിവിൽ 8 Ph.D പ്രബന്ധങ്ങളുണ്ട്, രണ്ടു ഡസനിലേറെ M.Phil, Diploma ബിരുദതല പഠനങ്ങൾ, നൂറിൽപ്പരം മറ്റു പഠനങ്ങൾ നടക്കുന്നുണ്ട്. അതിൽ പലതും സംസ്ഥാന സർക്കാരിന്റെ സ്ഥാപനങ്ങൾ വഴി ധനസഹായം ചെയ്യുന്നവയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്റെ ചോദ്യം, ഇത്തരത്തിലുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ നമ്മുടെ നാടിന്റെ ആസൂത്രണത്തിലും വികസനത്തിലും സഹായകരമല്ലേ, ആവശ്യമല്ലേ, അനിവാര്യമല്ലേ എന്നുള്ളതാണ്.

ശ്രീ. എ.കെ. ആന്റണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് എന്റെയും ഗവൺമെന്റിന്റെയും അഭിപ്രായം. എല്ലാക്കാലത്തും ഡോ. രാജ് ഉള്ളപ്പോഴും, ശ്രീ. ഗുലാത്തിയുള്ളപ്പോഴും, പ്രൊഫ. കൃഷ്ണനുള്ളപ്പോഴും Centre for Development Studies തുടങ്ങുന്നതിനുള്ള എല്ലാ സഹായവും ചെയ്തിരുന്നത് അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. അതുകൊണ്ട് ഈ controversy-യിൽപ്പോലും Centre for Development Studies-ന്റെ സൽപ്പേര് നഷ്ടപ്പെടുത്തരുതെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. വിവാദമുള്ളത് ഗവൺമെന്റുമായിട്ടല്ല. Centre for Development Studies-ന്റെ മുൻകൈയിൽ, ഡച്ച് ഗവൺമെന്റിന്റേയും സ്വിസ് ഗവൺമെന്റിന്റേയും വേൾഡ് ബാങ്കിന്റേയുമെല്ലാം സഹായത്തോടുകൂടി നമ്മുടെ നാട്ടിൽ ആസൂത്രണത്തിനു സഹായകരമായിട്ടുള്ള, കേരളത്തിന്റെ വികസനത്തിന് സഹായകരമായിട്ടുള്ള വളരെയധികം പ്രോജക്ടുകൾക്ക് പണം ലഭിച്ചിട്ടുണ്ട്. അതിൽ 9 കോടി രൂപ 'കില'യ്ക്കാണ് കൊടുത്തിരിക്കുന്നത്. അതുപോലെ എല്ലാംകൂടി 10-25 കോടി രൂപ സമീപകാലത്ത് നമ്മൾ

ചെലവാക്കിയിട്ടുണ്ട്. ആ ചെലവഴിച്ചതൊക്കെ തെറ്റാണെന്ന് ഈ ഗവൺമെന്റ് കരുതുന്നില്ല. ഇനിയും ഇതുപോലുള്ള പദ്ധതികൾക്കുവേണ്ടി സഹായം ആവശ്യമുണ്ടെങ്കിൽ വാങ്ങും. പക്ഷേ വിവാദം തുടങ്ങിയത് ഈ ഗവൺമെന്റല്ല, താങ്കൾ ചോദിച്ച ചോദ്യം സത്യത്തിൽ എന്നോടല്ല ചോദിക്കേണ്ടത്, അപ്പുറത്തുതന്നെ ചോദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> സർ, സി.ഡി.എസ്-നു ലഭിച്ച വിദേശ സഹായത്തെക്കുറിച്ച് അപ്പുറത്തുനിന്നുംതന്നെ ഏറെ വിവാദമുണ്ടായിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിൽ സി.ഐ.എ.-യുടെ പങ്ക് വേറെയുണ്ടെന്നാണ് അപ്പുറത്തുതന്നെ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്. ഇത്രമാത്രം വിവാദമായ ഒരു വിഷയത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുന്നില്ല, അന്വേഷണം ഇല്ലെന്ന രീതിയിലുള്ള ഗവൺമെന്റിന്റെ മറുപടി ഒട്ടും തൃപ്തികരമല്ല, ഇപ്പുറത്തുമാത്രമല്ല അപ്പുറത്തും തൃപ്തികരമല്ല. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ ഏറ്റവും താല്പര്യമുള്ള ഒരു കാര്യമാണ് ഇടതുപക്ഷ ബഞ്ചുകളിലിരിക്കുന്നവരും ഇപ്പുറത്തെ ബഞ്ചുകളിലിരിക്കുന്നവരും മാധ്യമങ്ങളും ഒരുപോലെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ മുഖ്യമന്ത്രി പ്രത്യേകം താല്പര്യമെടുത്ത് അന്വേഷണം നടത്തണമെന്നുതന്നെയാണ് പൊതുവികാരം, അത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. എ.കെ. ആന്റണി:</u> സർ, പൊതുവികാരം എന്താണെന്ന് എനിക്കറിയില്ല. ഏതായാലും ഈ ഘട്ടത്തിൽ ഗവൺമെന്റ് അന്വേഷണം നടത്തുന്നതിനെകുറിച്ച് ആലോചിക്കുന്നില്ല. എന്തെങ്കിലും അപാകതയുണ്ടെന്ന് വ്യക്തമായ തെളിവുലഭിച്ചാൽ തീർച്ചയായും അന്വേഷിക്കും. ഇപ്പോൾ നടക്കുന്ന വിവാദം തെറ്റുതിരുത്താനാണെന്ന് എനിക്കു തോന്നുന്നില്ല, മറ്റെന്തോ വിവാദം നടക്കുന്നതിന്റെ ഭാഗമായിട്ടുള്ള വിവാദമാണ്, അതിൽ ഗവൺമെന്റ് കക്ഷിചേരാൻ ആഗ്രഹിക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ സി.ഡി.എസ്.-ന് ഈ ഗവേഷണത്തിനൊക്കെ വിദേശ ധനസഹായം ലഭിക്കുന്നുണ്ടെന്നറിയിച്ചു. എനിക്ക് ചോദിക്കാനുള്ളത് സി.ഡി.എസ്.-ന് അല്ലാതെ നമ്മുടെ കേരളത്തിൽ മറ്റു ഗവേഷണ സ്ഥാപനങ്ങൾക്കോ സർവ്വകലാശാലകൾക്കോ വിദേശ ധനസഹായം ലഭിക്കുന്നുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ വ്യക്തമാക്കാൻ മുഖ്യമന്ത്രിക്ക് കഴിയുമോ?

<u>ശ്രീ. എ.കെ. ആന്റണി:</u> കൃത്യമായിട്ടുള്ള കണക്ക് എന്റെ കൈയിലില്ല. കൃത്യമായ കണക്ക് ഇന്ത്യാ ഗവൺമെന്റിന്റെ കൈയിലേ കാണുകയുള്ളൂ. പക്ഷേ കേരളത്തിലെ ഒരുപാട് സംഘടനകൾക്ക്, ഒരുപാട് സ്ഥാപനങ്ങൾക്ക് വിദേശ സഹായം കിട്ടുന്നുണ്ട്, അതൊരു സത്യമാണ്. അതിനെ അവർ ദുരുപയോഗപ്പെടുത്തുന്നുണ്ടോ ഇല്ലയോ എന്ന് എനിക്ക് പറയാൻ പറ്റില്ല, ആ കണക്കെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ കൈയിലാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: ഈ ഗവേഷണം നടത്തിയ മഹാത്മാക്കളും അതുപോലെ മഹാസ്ഥാപനങ്ങളുമുണ്ട്. അവർ ഗവേഷണം നടത്തിയ റിപ്പോർട്ട് വിദേശരാജ്യങ്ങൾക്ക് കൊടുത്തിട്ടുണ്ടോ; അതിന്റെ കോപ്പി നമ്മുടെ സർക്കാരിന്റെ കൈയിലുണ്ടോ?

ശ്രീ. എ. കെ. ആന്റണി: വിദേശ സഹായത്തോടുകൂടി ഗവേഷണം നടത്തുമ്പോൾ സ്വാഭാവികമായും അതിന്റെ പഠനത്തിന്റെ വിവരങ്ങൾ അവർകൂടി അറിയേണ്ടതാണല്ലോ, അതൊക്കെ വ്യവസ്ഥയുടെ ഭാഗമല്ലേ? അതിന്റെ റിപ്പോർട്ട് ഗവൺമെന്റിലും കാണും.

ശ്രീ. പി. ടി. തോമസ്: ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താരംഭിച്ച പല നടപടിക്രമങ്ങളുമാണ് ഇന്ന് വളരെയേറെ വിവാദമായ ചർച്ചകളിലേക്ക്, സി.ഐ.എ. ഏജന്റ് എന്നൊക്കെ പറഞ്ഞിട്ടുള്ള വിവാദപരമായ ചർച്ചകളിലേക്ക്, റിച്ചാർഡ് ഫ്രാങ്കിയെപ്പറ്റിയും ബാർബറ ചെയ്സിനെപ്പറ്റിയുമൊക്കെ പറയുന്ന വിവാദത്തിലേക്ക് വലിച്ചിഴച്ചതെന്നറിയാം. ആ കാലഘട്ടത്തിലാണ് Mircrosoft-മായി കരാർ ഒപ്പുവച്ചത്, അതുപോലെ തന്നെ എ.ഡി.ബി. ലോൺ വാങ്ങാനുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കിയത്. അങ്ങനെ ഒരു വലിയ നയവ്യതിയാനം ആ കാലഘട്ടത്തിലുണ്ടായി. ഈ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 'Captech' എന്നുപറയുന്ന സ്ഥാപനം 10.75 കോടിരൂപ വാങ്ങിയെന്ന് നേരത്തേ നിയമസഭയിൽ മറുപടി തന്നിട്ടുണ്ട്. 'Captech' എന്നുപറയുന്ന സ്ഥാപനത്തിന്റെ രൂപീകരണംതന്നെ തെറ്റായ ദിശയിലാണ്. ആ 'Captech' എന്നുപറയുന്ന സ്ഥാപനം രൂപീകരിച്ചുകൊണ്ട് ഇറക്കിയിരിക്കുന്ന ഗവൺമെന്റ് ഓർഡറിന്റെ ഒന്നാം ഭാഗത്ത് special invitee ആയി വച്ചിരിക്കുന്ന ആൾ, ആ ഓർഡറിൽ തന്നെ രണ്ടാം ഭാഗത്ത് അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറേയും മൂന്നാം ഭാഗത്ത് മന്ത്രിമാരേയും ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരേയും മറികടന്ന് അതിന്റെ നേതൃത്വത്തിലേക്ക് വരികയാണ് ചെയ്തത്. ആ സ്ഥാപനം 10.75 കോടി രൂപ ചെലവഴിച്ചു. എന്റെ പ്രധാനപ്പെട്ട ചോദ്യം ഈ 10.75 കോടി രൂപ ഇപ്പോൾ ജനകീയാസൂത്രണത്തിൽ അല്ലെന്നുള്ള ഒരു വാദം ഉയർത്തുകയാണ്, കിലയെ strengthen ചെയ്യാനാണെന്നു പറഞ്ഞാൽ, കിലയിൽ നൽകിയ പരിശീലനങ്ങളും കാര്യങ്ങളുമൊക്കെ അതിനുവേണ്ടി തന്നെയാണ്. അപ്പോൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു hypocrisy നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ ഒരു നിലപാട് സ്വീകരിക്കുമോ; ഈ 'Captech'-ന്റെ ക്രമവിരുദ്ധമായ ഓർഡർ പുനഃപരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ജനകീയാസൂത്രണത്തിനുമാത്രമല്ല മറ്റു പ്രധാനപ്പെട്ട വികസനങ്ങൾക്കും സുതാര്യമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിദേശ സഹായം സ്വീകരിക്കുന്നത് തെറ്റാണെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. വിദേശ സഹായം സ്വീകരിക്കുന്നത് തെറ്റാണെന്ന് ഇന്ത്യയിലെ ഒരു സംസ്ഥാന

ഗവൺമെന്റിനും അഭിപ്രായമില്ല. കേന്ദ്ര ഗവൺമെന്റിനും അഭിപ്രായമില്ല. മുൻ ഗവൺമെന്റുകൾക്കും അഭിപ്രായം ഇല്ല. പക്ഷേ മുൻ ഗവൺമെന്റ് ചെയ്തതെല്ലാം വളരെ സീക്രസിയായിപ്പോയി. അതുകൊണ്ടാണ് ആ ഗവൺമെന്റിൽ പങ്കാളികളായിരുന്നവർക്കുപോലും അതിനെപ്പറ്റി ഇപ്പോൾ തർക്കം വന്നിരിക്കുന്നത്. ഈ ഗവൺമെന്റ് ഏതായാലും സുതാര്യമായി, കേരളത്തിന്റെ വികസനത്തിനെ സഹായിക്കുന്നതാണെങ്കിൽ, വിദേശസഹായം ഇന്ത്യാ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി വാങ്ങുന്നതിൽ തെറ്റുണ്ടെന്ന് കരുതുന്നില്ല. ഇനിയും വാങ്ങും. എ.ഡി.ബി.-യിൽ നിന്നും വേൾഡ് ബാങ്കിൽ നിന്നും മറ്റെവിടെ നിന്നും പണം കിട്ടുകയാണെങ്കിൽ വാങ്ങും. കേരളത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ എവിടെ നിന്നൊക്കെ സഹായം കിട്ടിയാലും അതെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ അറിവോടുകൂടി, നാട്ടുകാരെ അറിയിച്ചുകൊണ്ട് ട്രാൻസ്പാരന്റായിട്ട് വാങ്ങും. അതിൽ യാതൊരു മറയും ഗവൺമെന്റിനില്ല. കഴിഞ്ഞ ഗവൺമെന്റിനെപ്പോലെ രഹസ്യത്തിലേക്കൊന്നും പോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പരമ്പരാഗത വൈദ്യൻമാർക്ക് ചികിത്സാ സ്വാതന്ത്ര്യം നൽകുന്നതിന് നിയമനിർമ്മാണം

*3 [303] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ :
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വൈദ്യൻമാർക്ക് ചികിൽസാ സ്വാതന്ത്ര്യം നൽകുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സിദ്ധ, ആയുർവേദ ശാഖകളിലുള്ള പരമ്പരാഗത വൈദ്യൻമാർക്ക് പ്രസ്തുത ചികിത്സാ ശാസ്ത്രവിധി അനുസരിച്ച് ഔഷധനിർമ്മാണത്തിന് അനുമതി നൽകുമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സിദ്ധ-യുനാനി ചികിത്സാശാസ്ത്രം പഠിപ്പിക്കുന്നതിന് വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[5-2-2004-ലെ 2(*302)-ന്റെ ഉത്തരം ദയവായി കാണുക]

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങൾ ഏറ്റെടുത്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ, ഗവേഷണ വിഷയം, തുക എന്നീ വിവരങ്ങൾ

ക്രമ നം.	ഗവേഷകർ	വിഷയം	തുക (ലക്ഷം രൂപ)
(1)	(2)	(3)	(4)
1.	ശ്രീമതി എ. പ്രേമ, അസിസ്റ്റന്റ് പ്രൊഫസർ, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പട്ടാമ്പി.	മലപ്പുറം ജില്ലയിൽ ജനകീയാസൂത്രണ പരിപാടിയിൽ നടപ്പാക്കിയ കാർഷിക പ്രോജക്ടുകളുടെ വിലയിരുത്തൽ.	2.00
2.	ഡോ. ആർ. പി. നായർ, കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.	തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം-സാദ്ധ്യതാ പഠനം.	3.76
3.	ഡോ. പി. മധുസൂദനൻ പിള്ള, 'ശ്രീധന്യ', വലിയവിള, തിരുവനന്തപുരം.	പ്രാദേശിക സ്വയംഭരണവും മത്സ്യ മേഖലയും	0.20
4.	ശ്രീ. പി. ജി. പത്മനാഭൻ, സെക്രട്ടറി, പഞ്ചായത്ത് വികസന സമിതി, കുമരകം, കോട്ടയം.	പങ്കാളിത്ത ആസൂത്രണത്തിൽ അയൽ ക്കൂട്ടങ്ങളും കുമരകത്തെ കീഴ്ത്തട്ടുതല ജനാധിപത്യവും	1.30
5.	ശ്രീ. എൻ. ഡി. ഗോപിനാഥൻ നായർ, പി. ടി. ചാക്കോ നഗർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.	കേരളത്തിൽ ജനകീയാസൂത്രണ പരിപാടിയിൽ ആർജ്ജിച്ച സാമൂഹ്യ ആസ്തികളുടെ സ്ഥിരതയെക്കുറിച്ചുള്ള പഠനം.	1.50
6.	ശ്രീ. എസ്. ഗ്രിഗറി, ടീച്ചേഴ്സ് ഫ്ളാറ്റ്, യൂണിവേഴ്സിറ്റി കാമ്പസ്, തലശ്ശേരി.	സ്ഥിരമായ ജീവിതമാർഗ്ഗവും താഴെ തട്ടിലുള്ള ശാക്തീകരണവും- തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണത്തിൽ ഗുണഭോക്തൃ വിഹിതവും പട്ടിക ജാതിക്കാരും.	1.60
7.	ഡോ. ശ്രീകുമാർ ചതോപാദ്ധ്യായ, സെന്റ്, ആക്കുളം, തിരുവനന്തപുരം.	കേരളത്തിലെ പഞ്ചായത്തുതല ആസൂത്രണത്തിന് പങ്കാളിത്ത വിഭവ ഭൂപട നിർമ്മാണം.	1.55

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8.	ഡോ. ജോസ് ചാത്തുകുളം, സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.	ഗ്രാമവികസന പരിപാടികളിലും സാമൂഹ്യക്ഷേമ പരിപാടികളിലും ഗ്രാമീണ ദരിദ്രരുടെ പങ്കാളിത്തം.	2.00
9.	ശ്രീ. കെ. എൻ. ജയൻ, കാട്ടിലത്തിൽ, വട്ടശ്ശേരി, കോട്ടയം.	വൈക്കം ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പ്രകാരം ഏറ്റെടുത്തിട്ടുള്ള ഉൽപാദന മേഖലാ പ്രോജക്ടുകളുടെ വിലയിരുത്തൽ.	0.75
10.	ശ്രീ. ജോസഫ് എബ്രഹാം, സെക്രട്ടറി, ഡി.റ്റി.പി.സി., കോട്ടയം.	ബ്ലോക്കുതല ആസൂത്രണം-ജനകീയാസൂത്രണ പശ്ചാത്തലത്തിൽ കേരളത്തിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ.	1.70
11.	ശ്രീ. എസ്. ചിദംബര അയ്യർ, കൺസൾട്ടന്റ്, ബി. 7, ജവഹർ നഗർ, തിരുവനന്തപുരം.	തിരുവനന്തപുരം കോർപ്പറേഷനിൽ ജനകീയാസൂത്രണത്തിൽ ഉണ്ടായ സാമ്പത്തിക-ഘടനാപരമായ നേട്ടങ്ങൾ.	2.20
12.	ഡോ. ഡി. പത്മലാൽ, സയന്റിസ്റ്റ്, സെന്റ്, ആക്കുളം, തിരുവനന്തപുരം.	വികേന്ദ്രീകൃതാസൂത്രണ വികസനത്തിൽ പഞ്ചായത്ത് മാജ് സ്ഥാപനങ്ങളിലെ പങ്കാളിത്തം.	4.39
13.	ഡോ. ജോസ് ചാത്തുക്കുളം, സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.	പങ്കാളിത്ത ആസൂത്രണവും വികസനവും ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ	4.00
14.	ശ്രീ. പി. റ്റി. അബ്ദുൾലത്തീഫ് ആന്റ് ശ്രീ. പി. റ്റി. കുഞ്ഞിക്കണ്ണൻ, പിലശ്ശേരിപറമ്പ്, കോഴിക്കോട്.	സാമൂഹ്യ സാമ്പത്തിക വികസനവും പ്രാദേശിക വിഭവസമാഹരണവും.	1.40
15.	ശ്രീ. രാജൻവർഗ്ഗീസ്, ഇക്കണോമിക്സ് വകുപ്പ്, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ.	എറണാകുളം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂ വരവും ചെലവും	1.00
16.	ശ്രീമതി പത്മാരാമചന്ദ്രൻ, ജി4-ജവഹർനഗർ, തിരുവനന്തപുരം.	ജനകീയാസൂത്രണത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള നടപടികൾ-അവയുടെ ശക്തിയും ബലഹീനതയും-തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും.	2.20

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
17.	ശ്രീമതി പത്മാരാമചന്ദ്രൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ റീജിയണൽ ഡെവലപ്പ്മെന്റ്, ജവഹർനഗർ, തിരുവനന്തപുരം.	ജനകീയാസൂത്രണത്തിൽ വനിതാ വികസന പരിപാടികൾ-അനുകൂല ഘടകങ്ങളുടെ ചട്ടക്കൂട് ആവിഷ്ക്കരിക്കൽ	0.15
18.	ഡോ. റ്റി. എൻ. സീമ, 'ശ്രദ്ധ', പറമ്പിൽ ജംഗ്ഷൻ, വള്ളക്കടവ്, തിരുവനന്തപുരം	തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ അംഗൻവാടികളുടെ പ്രവർത്തനവും മാതൃകാ അംഗൻവാടിയുടെ പ്രവർത്തനവും	1.43
19.	ശ്രീ. എൻ. ഡി. ഗോപിനാഥൻ നായർ, പി. റ്റി. ചാക്കോനഗർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.	ജനകീയാസൂത്രണം-കേരളത്തിലെ അനുഭവങ്ങൾ.	1.83
20.	ശ്രീ. എം. എൻ. സുധാകരൻ, മുതിരതാലയിൽ വീട്, എസ്.എൻ. പാർക്ക്, തൃശ്ശൂർ.	ഭിന്നതല ആസൂത്രണത്തിൽ പദ്ധതി സംയോജനം-തൃശ്ശൂർ ജില്ലയിൽ.	1.30
21.	ഡോ. എൻ. നാഗരാജൻ നായിഡു, റ്റി.സി. 11/486, നന്തൻകോട്, തിരുവനന്തപുരം.	കേരളത്തിലെ വികസനത്തിൽ പഞ്ചായത്തുതല അസന്തുലിതാവസ്ഥ	1.20
22.	ഡോ. ജയശ്രീ, എ. കെ., കാണി ക്ലീനിക്ക്, ശ്രീകാര്യം, തിരുവനന്തപുരം.	പ്രാദേശിക വികസനത്തിൽ ജന പങ്കാളിത്തവും ജീവിതനിലവാരത്തിലെ മാറ്റങ്ങളും.	1.35
23.	ഡോ. ജോയ് ഇളമൺ, കൃഷ്ണകൃപ, തിരുവനന്തപുരം.	പ്രാദേശിക പ്രസക്തിയുള്ള പാരിസ്ഥിതികശുചിത്വ പരിപാടി-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്.	2.17
24.	ശ്രീമതി ശൈലജാനായർ, ദീപ്തി, പട്ടം, തിരുവനന്തപുരം.	മുതലമട ഗ്രാമപഞ്ചായത്തിലെ ജനകീയ സമ്പൂർണ്ണ കുടിവെള്ള പരിപാടി.	1.31
25.	ശ്രീ. കെ. മുരളീധരൻ, 'സാനഡു', തേഞ്ഞിപ്പാലം, മലപ്പുറം.	പ്രാദേശിക ആസൂത്രണത്തിൽ വനിതകളുടെ പങ്ക്.	0.92
26.	ഐ.ആർ.റ്റി.സി. പാലക്കാട്.	പഞ്ചായത്തുതല വികസന ആസൂത്രണം (രണ്ട് ഘട്ടങ്ങൾ)	93.78
	ആകെ തുക		136.99

LIBRARY ARCHIVES Kerala Legislative Assembly